## 13-ാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2347 -ന് 23.01.2014-ന് മറുപടി പറയേണ്ടത്

### സർക്കാർ വകുപ്പുകൾ വഴിയുള്ള സേവനങ്ങളുടെ ചാർജ്ജ് വർദ്ധനവ്

ചോദ്യം | ഉത്തരം

ശ്രീ. എളമരം കരീം

ശ്രീ.കെ.എം. മാണി
ബഹു:ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാരിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി സർക്കാർ വകുപ്പുകൾ വഴിയുള്ള എന്തെല്ലാം സേവനങ്ങളുടെ ചാർജ്ജ്/ഫീസ് വർദ്ധനവ് വരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | സർക്കാരിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി സർവ്വേയും ഭൂരേഖയും വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, മത്സ്യബന്ധന തുറമുഖ വകുപ്പ്, ഊർജ്ജ വകുപ്പ്, പൊതു ഭരണ (കോ ഓർഡിനേഷൻ) വകുപ്പ്, ആഭ്യന്തര വകുപ്പ്, തൊഴിൽ വകുപ്പ്, വിനോദ സഞ്ചാര വകുപ്പ്, സഹകരണ വകുപ്പ്, സാംസ്കാരിക വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, ഗതാഗത വകുപ്പ്, നികുതി വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളിൽ ഈ സാമ്പത്തിക വർഷം വിവിധ സേവനങ്ങളുടെ ചാർജ്ജും/ ഫീസും പുതുക്കി നിശ്ചയിക്കുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം നടപടിയിലൂടെ എന്തു തുക വീതം അധിക വരുമാനം ലക്ഷ്യമിടുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | മേൽപറഞ്ഞ നടപടികളിലൂടെ ലഭിക്കാവുന്ന അധിക വരുമാനം തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) | തന്നാണ്ടിൽ പ്രതീക്ഷിച്ച വരുമാന മാർഗ്ഗങ്ങളിൽ ലക്ഷ്യ പ്രാപ്തി കൈവരിക്കാത്തവ ഏതെല്ലാം ഇനങ്ങളായിരുന്നുവെന്ന് വിശദമാക്കാമോ? | 2013-14 സാമ്പത്തിക വർഷം പൂർത്തിയാകാത്തതിനാൽ തന്നാണ്ടിൽ കൈവരിച്ച ലക്ഷ്യ പ്രാപ്തി മുൻകൂട്ടി വിലയിരുത്താനാവില്ല. എന്നിരുന്നാലും 2013-14 സാമ്പത്തിക വർഷത്തിലെ നവംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം പലിശ വരവ്, പോലീസ്, പൊതുമരാമത്ത്, പെൻഷനും മറ്റ് റിട്ടയർമെൻറ് ആനുകൂല്യങ്ങൾക്കുമായുള്ള അംശദാനങ്ങളും വസൂലാക്കലുകളും, ഭവന നിർമ്മാണം, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും, മറ്റു സാമൂഹ്യ സേവനങ്ങൾ, ക്ഷീര |

| | | |
|---|---|---|
| | | വികസനം, ഇടത്തരം ജലസേചനം, ഗ്രാമ ചെറുകിട വ്യവസായങ്ങൾ, വ്യവസായങ്ങൾ, തുറമുഖവും ലൈറ്റു ഹൗസുകളും, മറ്റ് ഗതാഗത സർവ്വീസുകൾ, മറ്റ് ശാസ്ത്രീയ ഗവേഷണം എന്നീ ഇനങ്ങളിൽ നിന്നുള്ള വരവിൽ പ്രതീക്ഷിച്ച തോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**